**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2070** **14-10-2024 - ൽ മറുപടിയ്ക്ക്**

**കറുകച്ചാൽ മിനി സിവിൽ സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2024-25 സാമ്പത്തികവർഷത്തിൽ തുക അനുവദിച്ചിട്ടുള്ള കറുകച്ചാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനു റവന്യൂ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ കറുകച്ചാൽ ടൗണിന് മധ്യത്തിൽ പോലീസ് സ്റ്റേഷന്റെ ഭാഗമായുള്ളതും നിലവിൽ ഉപയോഗിക്കാതെ കാടുകയറിക്കിടക്കുന്നതുമായ ഭൂമിയിൽ നിന്ന് 30 സെൻറ് എങ്കിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പോലീസ് ഉദ്യോഗസ്ഥർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും ശുദ്ധജല ലഭ്യതക്കായി കുഴൽ കിണർ നിർമ്മിക്കുന്നതിനും സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കാനുള്ളതിനാൽ പ്രസ്തുത സ്ഥലത്തുനിന്നും സിവിൽ സ്റ്റേഷനോ മറ്റ് വകുപ്പുകൾക്കോ നിർമ്മാണത്തിനായി വിട്ടുനല്കുവാൻ പര്യാപ്തമായ ഭൂമി നിലവിൽ ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ